"ഭരണഭാഷ മാതൃഭാഷ"

# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ റ്റി.വി. IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് - International Day for Elimination of all kinds of Violence Against Women 2020 – പ്രതിരോധ ബോധവത്കരണ പരിപാടി നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: International Day for Elimination of all kinds of Violence Against Women.

## ഉത്തരവ് നം. WEC2-14242/2020 തീയതി: 20.11.2020

ലിംഗപദവിയുടെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ നവംബർ 25 ഐക്യരാഷ്ട്ര സംഘടന International Day for Elimination of all kinds of Violence Against Women ആയി ആചരിക്കുന്നു. ആയതിന്റെ ഭാഗമായി നവംബർ 25 മുതൽ ഡിസംബർ 10 വരെ പ്രതിരോധ ബോധവത്ക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടത്തുവാൻ വകുപ്പ് തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ 14 ജില്ലകളിൽ ജില്ലാതല പരിപാടി സംഘടിപ്പിക്കുന്നതിന് ഒരു ജില്ലയ്ക്ക് 15,000/- രൂപ നിരക്കിൽ 14 ജില്ലകൾക്ക് 2,10,000/- രൂപ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഐസിഡിഎസ് പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ, വകുപ്പിലെയും മറ്റു വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, സംഘടിത/ അസംഘടിത മേഖലയിലെ ട്രേഡ് യൂണിയനുകൾ, പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികൾ, NSS, NCC വോളണ്ടിയേഴ്സ് തുടങ്ങിയവരെ ഉൾപ്പെടുത്തി ജില്ലാതല പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ഇലക്ഷൻ പെരുമാറ്റചട്ടങ്ങൾ പാലിച്ചുകൊണ്ടും വിർച്വൽ പ്ലാറ്റ്ഫോമിലും അല്ലാതെയും പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, അവർക്കുവേണ്ടി നിലവിലുള്ള നിയമങ്ങൾ, പദ്ധതികൾ, പരിപാടികൾ, അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ഭരണഘടനയിലെ വ്യവസ്ഥകൾ എന്നിവ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സമൂഹത്തിന്റെ നിലപാടിൽ മാറ്റമുണ്ടാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ, മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കേണ്ടതാണ്. സംവാദം, ചർച്ച, വെബിനാറുകൾ, talks, പ്രാദേശിക റേഡിയോ-ടി.വി. ചാനലുകൾ, നവസമൂഹ മാധ്യമങ്ങൾ എന്നിവ വഴിയുള്ള പ്രചരണം, തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.

വകുപ്പ് നടപ്പിലാക്കുന്ന സ്ത്രീശാക്തീകരണ പദ്ധതികൾക്ക് ഊന്നൽ നൽകി നവമാധ്യമങ്ങൾ വഴി പ്രചരണം നടത്തേണ്ടതാണ്. Elimination of all kinds of Violence Against Women എന്ന വിഷയത്തിൽ പ്രാവീണ്യമുള്ള റിസോഴ്സ് പേഴ്സനെ വിനിയോഗിച്ച് ഓൺലൈൻ ക്ലാസ്സ് നടത്തേണ്ടതാണ്.

**<u>ധനകാര്യ വിശകലനം (ജില്ലാതലം)</u>**

| | | |
|---|---|---|
| റിസോഴ്സ് പേഴ്സൺ ഹോണറേറിയം (1 number) | - | 1,000/- |
| സൂം അക്കൗണ്ട് ക്രിയേഷൻ | - | 1,500/- |
| ഫോട്ടോ, ഡോക്യുമെന്റേഷൻ | - | 1,500/- |
| മറ്റ് ചെലവുകൾ | - | 11,000/- |
| **ആകെ** | **-** | **15,000/-** |

**(പതിനയ്യായിരം രൂപ മാത്രം)**

ജില്ലാതല പരിപാടികൾക്ക് അനുവദിച്ച ആകെ തുകയിൽ മാറ്റം വരുത്താതെ (അധികരിക്കാതെ) ചെലവിൽ ആവശ്യമായ ക്രമീകരണം നടത്താവുന്നതാണ്.

**<u>ആകെ അനുവദിക്കുന്ന തുക ജില്ല തിരിച്ച്</u>**

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 15,000/- |
| 2 | കൊല്ലം | 15,000/- |
| 3 | പത്തനംതിട്ട | 15,000/- |
| 4 | ആലപ്പുഴ | 15,000/- |
| 5 | കോട്ടയം | 15,000/- |
| 6 | ഇടുക്കി | 15,000/- |
| 7 | എറണാകുളം | 15,000/- |
| 8 | തൃശ്ശൂർ | 15,000/- |
| 9 | പാലക്കാട് | 15,000/- |
| 10 | മലപ്പുറം | 15,000/- |
| 11 | കോഴിക്കോട് | 15,000/- |
| 12 | വയനാട് | 15,000/- |
| 13 | കണ്ണൂർ | 15,000/- |
| 14 | കാസർഗോഡ് | 15,000/- |
| | **ആകെ** | **2,10,000/-** |

**(രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം).**

ജില്ലാതലത്തിലെ പരിപാടികൾക്ക് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ നേതൃത്വം നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ, വനിത പ്രൊട്ടക്ഷൻ ഓഫീസർമാർ എന്നിവർക്ക് വിവിധ പരിപാടികളുടെ ചുമതല നൽകേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ 2,10,000/-രൂപ (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) ദിനാചരണങ്ങൾക്ക് വകയിരുത്തിയിട്ടുള്ള 2235-02-103-59 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്. പരിപാടി സംഘടിപ്പിച്ചതിന് ശേഷം വിശദമായ റിപ്പോർട്ടും ചെലവ് വിവര പട്ടികയും ധന വിനിയോഗസാക്ഷ്യപത്രവും ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

**പകർപ്പ്:**

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്കും
3. സൂപ്രണ്ട്, ബിൽ, എ സെക്ഷൻ
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻപ്രകാരം**

Sende

**സൂപ്രണ്ട്**

P/20